6844
16/6/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി - കണ്ണൂർ നാറാത്ത് ഗ്രാമ പഞ്ചായത്തിൽ അങ്കണവാടി കം ബയോ ഡൈവേഴ്സിറ്റി പാർക്ക് നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം.333/2015/സാനീവ — തീയതി, തിരുവനന്തപുരം. 05.06.2015

---

പരാമർശം: (1) 20.04.2015 - ലെ സാമൂഹ്യനീതി ഡയറക്ടറുടെ ഐസിഡിഎസ്.എ7 - 7841/15 നമ്പർ കത്ത്.
(2) 16.05.2015 -ൽ കൂടിയ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പ്.

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ നാറാത്ത് ഗ്രാമ പഞ്ചായത്തിൽ അങ്കണവാടി കെട്ടിടവും ബയോ ഡൈവേഴ്സിറ്റി പാർക്കും നിർമ്മിക്കുന്നതിന് ടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി വിശദമായ ശുപാർശ സമർപ്പിച്ചിട്ടുണ്ടെന്നും ടി ആവശ്യത്തിന് 30 ലക്ഷം രൂപ 2015-16 സാമ്പത്തിക വർഷം '2235-02-102-56(P)' ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 220 ലക്ഷം രൂപയിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകണമെന്നും പാരമർശം (1) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

(2) 16.05.2015 ൽ നടന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം ടി ശുപാർശ അംഗീകരിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ നാറാത്ത് ഗ്രാമ പഞ്ചായത്തിൽ അങ്കണവാടി കെട്ടിടവും ബയോ ഡൈവേഴ്സിറ്റി പാർക്കും നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയും ആയതിലേയ്ക്കായി നടപ്പ് സാമ്പത്തിക വർഷത്തിലെ '2235-02-102-56(P)' ശീർഷകത്തിൽ നിന്നും 30 ലക്ഷം രൂപ (മുപ്പത് ലക്ഷം രൂപ മാത്രം) ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**എ.ഷാജഹാൻ**
**സ്പെഷ്യൽ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
സാമൂഹ്യനീതി (എ) വകുപ്പ്.
ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ , ഓഫീസ് പകർപ്പ്.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**